പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1581 04-12-2018-ലെ മറുപടിയ്ക്ക്

**കോൾ നിലങ്ങളിലെ കൃഷി നാശത്തിന് നഷ്ടപരിഹാരം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷിയുടെ നാശനഷ്ടം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. 5,82,26,941/- രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കോൾ കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | മോട്ടോർ പമ്പ് സെറ്റ്, പെട്ടി പറ എന്നിവയുടെ റിപ്പയറിംഗ് നടപടികൾ നടത്തി 80% പമ്പ് സെറ്റുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മണ്ണിടിഞ്ഞ് നീക്കം ചെയ്യുന്ന പ്രവർത്തികൾക്കായി ഇതുവരെ 12 ലക്ഷം രൂപ അനുവദിക്കുകയും 85 ലക്ഷം രൂപ അനുവദിക്കുന്നതിനായി ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മോട്ടോർ, പമ്പ് സെറ്റ് റിപ്പയറിംഗ്, ബണ്ട് പുനഃരുദ്ധാരണം എന്നിവയ്ക്കായി ഇതുവരെ 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ കളക്ടർക്ക് പുതുതായി 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2018-ൽ ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നഷ്ട പരിഹാരം ആവശ്യപ്പെട്ട് പതിയാർക്കുളങ്ങര, എലവത്തൂർ കിഴക്ക് കോൾ പടവ് സമിതി, മണലൂർ താഴം കോൾപടവ് കർഷക സംഘം എന്നിവർ കൃഷിവകുപ്പ് മന്ത്രിയ്ക്ക് നൽകിയ അപേക്ഷ പരിഗണിച്ച് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പതിയാർക്കുളങ്ങര, എലവത്തൂർ കിഴക്ക് കോൾ പടവ് സമിതിക്ക് കൃഷിനാശം സംഭവിച്ചതിന്റെ നഷ്ടപരിഹാരം ഇനത്തിൽ 4,55,990/- രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.<br><br>മണലൂർ താഴം കോൾപടവ് കർഷക സംഘത്തിന് 1,60,558/- രൂപ മണ്ണും ചെളിയും നീക്കിയതിനുള്ള ധനസഹായമായി നൽകിയിട്ടുണ്ട്. മോട്ടോർ റിപ്പയറിംഗിന്റെ ക്ലെയിമുകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# Damage Due to Flood in Padasekharams (Kole Land)

| No | Name of Block | Motor Pump Set (No) | Estimated Cost (Rs) | Petti,Para (No) | Estimated Cost (Rs) | Motor Shed (No) | Estimated Cost (Rs) | Breaking of Bund(Mtr) | Estimated Cost (Rs) | Desilting (M) | Estimated Cost (Rs) | Damage of Sluice Shutter(No) | Estimated Cost (Rs) | Damage of Belt(No) | Estimated Cost (Rs) | MotorThara & Pettikkuzhi | Estimated Cost (Rs) | Any other Work | Total (Rs) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Anthikkad | 136 | 2442000 | 4 | 1190000 | 18 | 4307200 | 570 | 2473700 | 500 | 150000 | 75 | 617000 | 6 | 180000 | | 340000 | 558390 | 12258200 |
| 2 | Chavakkad | 2 | 50000 | 0 | 0 | 1 | 37500 | 381 | 110000 | 0 | 0 | 2 | 17000 | 0 | 0 | 0 | 0 | 0 | 214500 |
| 3 | Cherppu | 130 | 5470600 | 31 | 4318000 | 39 | 3858000 | 15.5 | 5470000 | 0 | 600000 | 2 | 1000000 | 0 | 0 | 0 | | 3939000 | 24655600 |
| 4 | Chowannur | 5 | 118260 | 2 | 82500 | 1 | 7500 | 460 | 32600 | 0 | 0 | 0 | 4800 | 0 | 0 | 0 | 0 | 51600 | 297260 |
| 5 | Iringalakkuda | 30 | 1252500 | 5 | 1049667 | 20 | 1065625 | 2000 | 1199389 | 975 | 169800 | 0 | 0 | 0 | 0 | 0 | 0 | 442800 | 5179781 |
| 6 | Mullassery | 115 | 1975000 | 8 | 605000 | 11 | 1445000 | 10350 | 3830000 | 833 | 300000 | 0 | 0 | 0 | 0 | 0 | 0 | 3133000 | 11288000 |
| 7 | Puzhakkal | 190 | 9375000 | 43 | 3600500 | 56 | 7715000 | 9387 | 14725000 | 5450 | 1412000 | 0 | 0 | 0 | 0 | 0 | 0 | 3723900 | 40551400 |
| 8 | Vellangallur | 2 | 50000 | | | 2 | 75000 | 2940 | 735500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 910500 |
| | Total | 342 | 12770760 | 58 | 5337667 | 90 | 10308125 | 25137 | 20522489 | 7258 | 1881800 | 0 | 4800 | 0 | 0 | 0 | 0 | 7401300 | 58226941 |

സെക്ഷൻ ഓഫീസർ